## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 707 — 04.11.2016 -ൽ മറുപടിക്ക്

# ശാസ്ത്രീയ മത്സ്യ ബന്ധന രീതികളുടെ പരിശീലനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ.കെ.ദാസൻ<br>ശ്രീ.കെ.ജെ.മാക്സി<br>ശ്രീ.വി.അബ്ദുറഹിമാൻ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ ആഴക്കടലിലും തീരക്കടലിലും വിദേശ ട്രോളറുകളുടെ കടന്നുകയറ്റം മത്സ്യ സമ്പത്തിന്റെ ശോഷണത്തിന് കാരണമായത് പരിശോധിക്കുമോ; | (എ) | സംസ്ഥാനത്തെ ആഴക്കടലിലും തീരദേശക്കടലിലും വിദേശ ട്രോളറുകളുടെ കടന്നുകയറ്റം മത്സ്യസമ്പത്തിന്റെ ശോഷണത്തിന് ഒരു കാരണമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കടലിലെ 200m-500m വരെ ആഴമുള്ള പ്രദേശം ശരാശരി തീരത്തുനിന്നും 32-40 വരെ nautical mile നുള്ളിൽ വരുന്ന പ്രദേശമാണ്. നമ്മുടെ പരമ്പരാഗത മത്സ്യത്തൊഴിലാളികളും ബോട്ടുകളും വളരെ കൂടുതലായി മത്സ്യബന്ധനം നടത്തുന്ന പ്രദേശമാണിത്. ഇവിടെയുള്ള വിഭവങ്ങളെ കൂടുതൽ ചൂഷണം ചെയ്യുന്നതിനുദ്ദേശിച്ചുകൊണ്ട് വിദേശ ട്രോളറുകൾക്ക് ഇവിടെ മത്സ്യബന്ധനം നടത്താൻ അനുമതി നൽകി ഈ പ്രദേശം ഒരു Buffer Zone ആയി നിലനിർത്തണമെന്ന ഡോ.മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശ ഒഴിവാക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. Letter of Permit വ്യവസ്ഥയിൽ വിദേശ ട്രോളറുകൾ ഈ പ്രദേശത്ത് മത്സ്യബന്ധനം ക്രമാതീതമായി നടത്തുന്നത് സംസ്ഥാന മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം ലഭിക്കുന്നത് കുറയുന്നതിനിടയായിട്ടുണ്ട്. ആഴക്കടലിൽ മത്സ്യബന്ധനം നടത്തുന്നതിന് Letter of Permit നൽകുന്നത് കേന്ദ്ര സർക്കാരാണ്. വിദേശ ട്രോളറുകൾക്ക് Letter of Permit നൽകുന്നത് നിർത്തലാക്കണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | 1980 ലെ കെ.എം.എഫ്.ആർ. ആക്ടിലെ വ്യവസ്ഥകൾ, പങ്കാളിത്ത വിഭവ പരിപാലനത്തിലും നിയന്ത്രണത്തിലും ഊന്നി കാലോചിതമായി | (ബി) | സ്വീകരിക്കുന്നതാണ്. അതിന്റെ ഭാഗമായി 1980 ലെ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ടിലെ വ്യവസ്ഥകൾ പങ്കാളിത്ത വിഭവ പരിപാലനത്തിലും നിയന്ത്രണത്തിലും ഊന്നി കാലോചിതമായി |

| | | | |
|---|---|---|---|
| | പരിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ; | | പരിഷ്ക്കരിക്കുന്നതിലേയ്ക്കായി ഫിഷറീസ് അഡീഷണൽ ഡയറക്ടർ ചെയർമാനായും, ഫിഷറീസ് വകുപ്പിലെ ഉയർന്ന ടെക്നിക്കൽ വിഭാഗം ഉദ്യോഗസ്ഥർ, എക്സിക്യൂട്ടീവ് ഡയറക്ടർ ഫിർമ, CIFT, CMFRI എന്നീ സ്ഥാപനങ്ങളുടെ പ്രതിനിധികൾ അംഗങ്ങളായും ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. |
| (സി) | പ്രാദേശിക-ജില്ലാതലത്തിൽ മത്സ്യ വിഭവ മാനേജ് മെന്റ് കൗൺസിലുകൾ രൂപീകരിക്കുന്നതിനും വിനാശകരമായ മത്സ്യബന്ധന രീതികളും മത്സ്യ കുഞ്ഞുങ്ങളെ പിടിക്കുന്നതും നിയമം മൂലം നിയന്ത്രിക്കാനും ശാസ്ത്രീയമായ മത്സ്യബന്ധന രീതികൾ പരിശീലിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | പ്രാദേശിക ജില്ലാ തലത്തിൽ മത്സ്യവിഭവ മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കുന്നതിനുള്ള പ്രാരംഭ ചർച്ചകൾ തുടങ്ങിയിട്ടുണ്ട്. കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ട്, കാലോചിതമായി പരിഷ്ക്കരിക്കുന്നതിലൂടെ പ്രാദേശിക ജില്ലാ തലത്തിൽ മത്സ്യത്തൊഴിലാളികൾ, ശാസ്ത്രജ്ഞർ, പണ്ഡിതർ, ഉദ്യോഗസ്ഥർ, മറ്റു തല്പര കക്ഷികൾ എന്നിവരെ ഉൾക്കൊള്ളിച്ചുള്ള കോ-മാനേജ്മെന്റ് കൗൺസിൽ മത്സ്യവിഭവ സംരക്ഷണ പരിപാലനത്തിന് ഉദാത്തമാണെന്നുള്ള കാഴ്ചപ്പാട് പ്രാഥമിക ചർച്ചയിൽ വിലയിരുത്തിയിട്ടുണ്ട്. വിനാശകരമായ മത്സ്യബന്ധനരീതികൾ മുഖേന ചെറുമത്സ്യങ്ങളെ പിടിച്ചെടുക്കുന്നത് മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 14 ഇനം മത്സ്യങ്ങളുടെ ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിരോധിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. കൂടുതൽ ഇനം മത്സ്യങ്ങളെ ഈ പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ മത്സ്യബന്ധന ബോട്ടുകളും വള്ളങ്ങളും ഇപ്രകാരം നിയമവിരുദ്ധ പ്രവൃത്തികൾ ചെയ്യുന്നത് തടയാൻ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി ബോട്ട് ഇംപൗണ്ട് ചെയ്ത് പിഴ നൽകാറുണ്ട്. വിനാശകരമായ മത്സ്യബന്ധന രീതികൾ മത്സ്യസമ്പത്തിന്റെ വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നുവെന്നത് സംബന്ധിച്ച് മത്സ്യത്തൊഴിലാളികളിൽ അവബോധം ഉണ്ടാക്കുന്നതിനുള്ള നടപടികളും ഫിഷറീസ് വകുപ്പ് നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ